**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1175** **14-03-2022 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് ജില്ലയിലെ റോഡുകളുടെ ആധുനികവൽകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എം.സച്ചിൻദേവ് | | null<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് ജില്ലയിലെ ഒരോ നിയമസഭാ മണ്ഡലങ്ങളിലും പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിൽ എത്ര കി.മി റോഡുകൾ നിലവിലുണ്ട് എന്ന് അറിയിക്കാമോ; | (എ) | പൊതുമരാമത്ത് നിരത്തു വിഭാഗത്തിനു കീഴിലെ റോഡുകൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം I ആയി ചേർത്തിരിക്കുന്നു. കേരള റോഡ് ഫണ്ട് ബോർഡ് മുഖേന നടപ്പിലാക്കുന്ന കോഴിക്കോട് നഗരപാത വികസന പദ്ധതിയിൽ കോഴിക്കോട് നോർത്ത് നിയമസഭാ മണ്ഡലത്തിൽ 19.964 കി.മീ റോഡുകൾ നിലവിലുണ്ട്. കോഴിക്കോട് സൗത്ത് നിയമസഭാ മണ്ഡലത്തിൽ 2.45 കി.മീ റോഡും നിലവിലുണ്ട്. കോഴിക്കോട് ജില്ലയിൽ കേരള റോഡ് ഫണ്ട് ബോർഡ് മുഖേന നടപ്പിലാക്കുന്ന 374.329 കി.മീ റോഡുകൾക്കാണ് നിലവിൽ കിഫ്ബിയുടെ സാമ്പത്തികാനുമതി ലഭിച്ചിട്ടുള്ളത്. പ്രസ്തുത റോഡുകളുടെ നിയമസഭാ മണ്ഡലങ്ങൾ തിരിച്ചുള്ള വിവരങ്ങൾ അനുബന്ധം II ആയി ചേർത്തിരിക്കുന്നു. |
| (ബി) | ജില്ലയിലെ നിയമസഭാ മണ്ഡലങ്ങളിൽ എത്ര കി.മി. പൊതുമരാമത്ത് റോഡുകൾ ബി.എം. ആൻഡ് ബി.സി. ചെയ്ത് ആധുനികവൽകരിച്ചിട്ടുണ്ട് എന്നും നിലവിൽ എത്ര കി.മി. റോഡുകൾ നവീകരിക്കേണ്ടതുണ്ട് എന്നും മണ്ഡലാടിസ്ഥാനത്തിൽ അറിയിക്കാമോ; | (ബി) | പൊതുമരാമത്ത് നിരത്തു വിഭാഗത്തിനു കീഴിൽ ബി.എം&ബി.സി ചെയ്ത് ആധുനികവൽകരിച്ചതും നവീകരിക്കാനുള്ളതുമായ റോഡുകളുടെ മണ്ഡലം തിരിച്ചുള്ള വിവരങ്ങൾ അനുബന്ധം III ആയി ചേർത്തിരിക്കുന്നു. കേരള റോഡ് ഫണ്ട് ബോർഡ് മുഖേന നടപ്പിലാക്കുന്ന കോഴിക്കോട് നഗരപാത വികസന പദ്ധതിയിൽ കോഴിക്കോട് നോർത്ത് നിയമസഭാ മണ്ഡലത്തിൽ 19.964 കി.മീ റോഡുകളും, കോഴിക്കോട് സൗത്ത് നിയമസഭാ മണ്ഡലത്തിൽ 2.45 കി.മീ റോഡുകളും ബി.എം&ബി.സി ചെയ്ത് ആധുനികവൽക്കരിച്ചിട്ടുണ്ട്. കേരള റോഡ് ഫണ്ട് ബോർഡ് മുഖേന നടപ്പിലാക്കുന്ന കിഫ്ബി പദ്ധതികളിൽ നിലവിൽ 39.78 കി.മി റോഡുകളിൽ ബി.എം&ബി.സി ചെയ്ത് നവികരിച്ച കഴിഞ്ഞിട്ടുണ്ട്. 100.793 കി.മി റോഡുകൾ ബി.എം&ബി.സി ചെയ്ത് നവീകരിക്കുവാനുള്ള പ്രവൃത്തികൾ പുരോഗമിച്ചു വരികയാണ്. ശേഷിക്കുന്ന 233.756 കി.മി റോഡ് പ്രവൃത്തികൾക്ക് കിഫ്ബിയുടെ സാമ്പത്തികാനുമതി |

| | | | |
|---|---|---|---|
| | | | ലഭിക്കുകയും സാങ്കേതികാനുമതിക്കായുള്ള നടപടികൾ പുരോഗമിച്ചുവരികയുമാണ്. സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റ് ലഭിക്കുന്ന മുറയ്ക്ക് അവ പരിശോധിച്ച് സാങ്കേതികാനുമതി നൽകി പ്രവൃത്തികൾ ടെണ്ടർ ചെയ്ത് ആരംഭിക്കുന്നതാണ്. പൂർത്തീകരിച്ചതും പുരോഗതിയിലുള്ളതുമായ പദ്ധതികളുടെ നിയമസഭാ മണ്ഡലങ്ങൾ ചേർത്തുള്ള വിവരങ്ങൾ അനുബന്ധം IV ആയി ചേർത്തിരിക്കുന്നു. |
| (സി) | കോഴിക്കോട് ജില്ലയിൽ മലയോര മേഖല ഉൾപ്പെടുന്ന മണ്ഡലങ്ങളിലെ റോഡുകൾ ബി.എം. ആൻഡ് ബി.സി. ചെയ്ത് നവീകരിക്കുന്നതിന് പ്രത്യേക പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ? | (സി) | കോഴിക്കോട് ജില്ലയിലെ മലയോര മേഖലകളിൽ കിഫ്ബി പദ്ധതികളിൽ ഉൾപ്പെടുത്തി 6 സ്ട്രെച്ചുകളിലായി 111.8 കി.മീ മലയോര ഹൈവേ പദ്ധതിയാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഇതിൽ 67.79കി.മി റോഡുകൾക്ക് കിഫ്ബിയുടെ സാമ്പത്തികാനുമതി ലഭിച്ചിരിക്കുകയും 35.35 കി.മി റോഡിന്റെ പ്രവൃത്തി പുരോഗമിച്ചുവരികയുമാണ്. 44.01 കി.മി റോഡുകൾക്ക് സാമ്പത്തികാനുമതി ലഭിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം -I

| ക്രമ നം. | നിയോജക മണ്ഡലങ്ങൾ | റോഡിന്റെ നീളം |
|---|---|---|
| 1 | കോഴിക്കോട് സൗത്ത് | 47.24 കി.മീ |
| 2 | കോഴിക്കോട് നോർത്ത് | 56.18 കി.മീ |
| 3 | കുന്ദമംഗലം | 161.286 കി.മീ |
| 4 | എലത്തൂർ | 110.05 കി.മീ |
| 5 | തിരുവമ്പാടി | 305.125 കി.മീ |
| 6 | ബേപ്പൂർ | 68.985 കി.മീ |
| 7 | കൊയിലാണ്ടി | 76.02 കി.മീ |
| 8 | ബാലുശ്ശേരി | 169.058 കി.മീ |
| 9 | പേരാമ്പ്ര | 196.89 കി.മീ |
| 10 | കൊടുവള്ളി | 183.36 കി.മീ |
| 11 | വടകര | 69.527 കി.മീ |
| 12 | കുറ്റ്യാടി | 170.215 കി.മീ |
| 13 | നാദാപുരം | 267.749 കി.മീ |

അനുബന്ധം -II

| നം | പ്രവൃത്തിയുടെ പേര് | നിയോജകമണ്ഡലം | കി.മീ. |
|---|---|---|---|
| 1 | പുറക്കാത്തിരി-അടിക്കോട് -ഉളിയേരി റോഡ് | ബാലുശ്ശേരി | 17.192 |
| 2 | 28-ാം മൈൽ -തലയാട് | ബാലുശ്ശേരി | 6.8 |
| 3 | മണ്ണൂർ ചാലിയം റോഡ് | ബേപ്പൂർ | 6.968 |
| 4 | കോരപ്പുഴ പാലം മുതൽ കൊയിലാണ്ടി ഹാർബർ | ഏലത്തൂർ | 10.94 |
| 5 | പാർപ്പാൻപൊയിൽ കാരകുന്നത്ത് റോഡ് | കൊടുവള്ളി | 9.857 |
| 6 | തലയാട് കോടഞ്ചേരി | കൊടുവള്ളി തിരുവമ്പാടി | 9.99 |
| 7 | കൊല്ലം-നെല്ലിയാടി-മേപ്പയൂർ റോഡ് | കൊയിലാണ്ടി, പേരാമ്പ്ര | 9.59 |
| 8 | ഈസ്റ്റ്ഹിൽ ഗണപതികാവ് കാരപ്പറമ്പ് റോഡ് | കോഴിക്കോട് നോർത്ത് | 6.7 |
| 9 | കാരപ്പറമ്പ്- തടമ്പാട്ടുതാഴം പാറോപ്പടി റോഡ് | കോഴിക്കോട് നോർത്ത് | 5.4 |
| 10 | പുതിയങ്ങാടി-മാവിലക്കടവ്-കൃഷ്ണൻ നായർ റോഡ് | കോഴിക്കോട് നോർത്ത് | 5.37 |

| | | | |
|---|---|---|---|
| 11 | അരയിടത്തുപാലം കാരന്തൂർ റോഡ് | കോഴിക്കോട് നോർത്ത് & കുന്നമംഗലം | 4.5 |
| 12 | പുളിമുട്ട് വട്ടകിണർ റോഡ് | കോഴിക്കോട് സൗത്ത് | 6.046 |
| 13 | ബേപ്പൂർ-ചെറുവണ്ണൂർ റോഡ് | കോഴിക്കോട് സൗത്ത് &ബേപ്പൂർ | 2.65 |
| 14 | കല്ലന്തോട്-കുളിമാട് റോഡ് | കുന്നമംഗലം | 6.6 |
| 15 | മാവൂർ NIT കൊടുവള്ളി റോഡ് | കുന്നമംഗലം & കൊടുവള്ളി | 12.9 |
| 16 | ആർ ഇ സി കൂടത്തായി റോഡ് | കുന്നമംഗലം & കൊടുവള്ളി | 11.22 |
| 17 | താമരശ്ശേരി വരട്ടിയാക്കൽ റോഡ് | കുന്നമംഗലം & കൊടുവള്ളി | 17.875 |
| 18 | കുട്ടോത്ത്-അട്ടകുണ്ട് കടവ് റോഡ് (കുട്ടോത്ത്) | കുറ്റിയാടി | 11.695 |
| 19 | വിളങ്ങാട് വാളൂക്ക് കുമ്പളച്ചോല കുളങ്ങരത്ത് റോഡ് | നാദാപുരം | 21.1 |
| 20 | തൊട്ടിൽപാലം- കുണ്ട്തോട് റോഡ് | നാദാപുരം | 6.2 |
| 21 | പയ്യോളി-പേരാമ്പ്ര റോഡ് | പേരാമ്പ്ര | 18.125 |
| 22 | പേരാമ്പ്ര-ചെറുവണ്ണൂർ വടകര റോഡ് | പേരാമ്പ്ര | 9.8 |
| 23 | പി യൂ കെ സി റോഡ് - ഉള്ളിയേരി റോഡ് | പേരാമ്പ്ര | 17.19 |
| 24 | പെരുവണ്ണാമുഴി- 28-ാം മൈൽ | പേരാമ്പ്ര, ബാലുശ്ശേരി | 15.65 |
| 25 | മുത്തായം മുതൽ കൊടിക്കൽ | കൊയിലാണ്ടി | 4.53 |
| 26 | കൊടിക്കൽ മുതൽ ക്കൊളവിപാലം | കൊയിലാണ്ടി | 7.50 |
| 27 | ക്കൊളവിപാലം മുതൽ കോട്ടക്കൽകടവ് | കൊയിലാണ്ടി | 2.86 |
| 28 | ഓമശ്ശേരി പുൽപ്പറമ്പ് പുള്ളിക്കപ്പറമ്പ് റോഡ് | തിരുവമ്പാടി | 6.1 |
| 29 | അടിവാരം-കൈതപ്പൊയിൽ ക്കോടഞ്ചേരി-അഗസ്ത്യമുഴി റോഡ് | തിരുവമ്പാടി | 21.2 |
| 30 | തിരുവമ്പാടി- പൂവാരൻതോട് റോഡ് (തിരുവമ്പാടി-പുൽപ്പറമ്പ-ഇടത്തറ -മറിപുഴ റോഡ്) | തിരുവമ്പാടി | 18.6 |
| 31 | കോടഞ്ചേരി-കക്കടാംപൊയിൽ | തിരുവമ്പാടി | 35.35 |
| 32 | വടകര വില്ല്യപ്പള്ളി ചേലക്കര റോഡ് | വടകര-നാദാപുരം-കുറ്റിയാടി | 15.98 |
| 33 | മുത്തുങ്ങൽ പക്രാംതളം റോഡ് | വടകര-നാദാപുരം-കുറ്റിയാടി | 11.855 |
| | | | 374.329 |

അനുബന്ധം - III

| ക്രമ നം. | നിയോജക മണ്ഡലങ്ങൾ | ബി.എം ബി.സി ചെയ്ത് ആധുനിക വൽകരിച്ച നീളം | ബി.എം ബി.സി ചെയ്ത് നവീകരിക്കേണ്ട നീളം |
|---|---|---|---|
| 1 | കോഴിക്കോട് സൗത്ത് | 41.64 കി.മീ | 5.60 കി.മീ |
| 2 | കോഴിക്കോട് നോർത്ത് | 39.02 കി.മീ | 17.16 കി.മീ |
| 3 | കുന്ദമംഗലം | 96.64 കി.മീ | 64.646 കി.മീ |
| 4 | എലത്തൂർ | 77.20 കി.മീ | 32.85 കി.മീ |
| 5 | തിരുവമ്പാടി | 80.55 കി.മീ | 224.575 കി.മീ |
| 6 | ബേപ്പൂർ | 40.555 കി.മീ | 28.43. കി.മീ |
| 7 | കൊയിലാണ്ടി | 42.26 കി.മീ | 33.76 കി.മീ |
| 8 | ബാലുശ്ശേരി | 70.485 കി.മീ | 98.573 കി.മീ |
| 9 | പേരാമ്പ്ര | 63.255 കി.മീ | 1333.635 കി.മീ |
| 10 | കൊടുവള്ളി | 81.10 കി.മീ | 102.26 കി.മീ |
| 11 | വടകര | 59.334 കി.മീ | 10.193 കി.മീ |
| 12 | കുറ്റ്യാടി | 73.905 കി.മീ | 96.31 കി.മീ |
| 13 | നാദാപുരം | 83.18 കി.മീ | 184.569 കി.മീ |

അനുബന്ധം - IV

## പൂർത്തീകരിച്ച പ്രവൃത്തികൾ

| നം | പ്രവൃത്തിയുടെ പേര് | നിയോജകമണ്ഡലം | കി.മീ. |
|---|---|---|---|
| 1 | പയ്യോളി-പേരാമ്പ്ര റോഡ് | പേരാമ്പ്ര | 18.125 |
| 2 | പേരാമ്പ്ര-ചെറുവണ്ണൂർ വടകര റോഡ് | പേരാമ്പ്ര | 9.8 |
| 3 | മുട്ടുങ്ങൽ പക്രംതളം റോഡ് | വടകര-നാദാപുരം-കുറ്റിയാടി | 11.855 |
| | | | **39.78** |
| | പുരോഗതിയിലുള്ള പ്രവൃത്തികൾ | | |
| 1 | മണ്ണൂർ ചാലിയം റോഡ് | ബേപ്പൂർ | 6.968 |
| 2 | ഈസ്റ്റ്ഹിൽ ഗണപതികാവ് കാരപ്പറമ്പ് റോഡ് | കോഴിക്കോട് നോർത്ത് | 6.7 |
| 3 | കല്ലന്തോട്-കുളിമാട് റോഡ് | കുന്നമംഗലം | 6.6 |
| 4 | താമരശ്ശേരി വരട്ടിയാക്കൽ റോഡ് | കുന്നമംഗലം & കൊടുവള്ളി | 17.875 |
| 5 | ഓമശ്ശേരി പുൽപ്പറമ്പ് ചുള്ളിക്കപ്പറമ്പ് റോഡ് | തിരുവമ്പാടി | 6.1 |
| 6 | അടിവാരം-കൈതപ്പൊയിൽ കോടഞ്ചേരി-അഗസ്ത്യമുഴി റോഡ് | തിരുവമ്പാടി | 21.2 |
| 7 | കോടഞ്ചേരി-കക്കാടംപൊയിൽ | തിരുവമ്പാടി | 35.35 |
| | | | **100.793** |